(ഡി) നാളിതുവരെ 258.93 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) കടലിൽ മത്സ്യക്കുഞ്ഞുങ്ങളെ വിതയ്ക്കുന്ന പദ്ധതിക്ക് 1997-98-ൽ 8.84 ലക്ഷം രൂപയും 1998-99-ൽ അഞ്ചുലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 1999-2000-ൽ ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി പൂർത്തിയായിട്ടില്ല.

(എഫ്) കടലിൽ ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതുവഴി ചെമ്മീൻ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയുമെന്നുള്ളതുകൊണ്ടാണ് പരീക്ഷണാർത്ഥം ഈ പദ്ധതി നടപ്പാക്കിവരുന്നത്. 1999-2000 വർഷത്തിൽ ഇതിനായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

എസ്.എസ്.എൽ.സി. പരീക്ഷയുടെ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് നടപടി

11 (*401) ശ്രീമതി എൻ. കെ. രാധ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എം. ദാസൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷയുടെ നടത്തിപ്പിന്റെ വിശ്വാസ്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) എസ്.എസ്.എൽ.സി. പരീക്ഷാകേന്ദ്രങ്ങളിൽ നടന്നുവരുന്ന ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനും പരീക്ഷ സത്യസന്ധമായി നടത്തുന്നതിനും എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) എസ്.എസ്.എൽ.സി. പരീക്ഷകൾ കൃത്യമായും സത്യസന്ധമായും നടത്താൻ നടപടി സ്വീകരിക്കുന്നതോടൊപ്പം 8, 9 തുടങ്ങിയ ഹൈസ്കൂൾ ക്ലാസുകളിലെ പരീക്ഷകളും കാര്യക്ഷമമായും വിശ്വാസ്യതയോടും കൂടി നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) സർക്കാർ എയ്ഡഡ് ഹൈസ്കൂൾ ക്ലാസ്സുകളിലെ അദ്ധ്യയനവും പരീക്ഷയും മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; ഇതിനായി സ്പെഷ്യൽ ക്ലാസ്സുകളും പ്രത്യേക കോച്ചിംഗ് സെന്ററുകളും ആരംഭിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഇ) ഓരോ പരീക്ഷകൾക്കും മുമ്പ് പാഠഭാഗങ്ങൾ പൂർണ്ണമായും പഠിപ്പിച്ച് തീർക്കാതിരിക്കുന്ന അദ്ധ്യാപകരുടെയും സ്കൂൾ തലവൻമാരുടെയും പേരിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) പരീക്ഷാ കേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടുമാർക്ക് പരീക്ഷാ നടത്തിപ്പിൽ വ്യക്തമായ നിർദ്ദേശങ്ങൾ നൽകുകയും അവ നടപ്പിൽ വരുത്തുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പരീക്ഷാ നാളുകളിൽ ഇൻവിജിലേഷൻ ജോലികൾക്ക് നിയോഗിക്കപ്പെടുന്ന അദ്ധ്യാപകർക്ക് അവരുടെ ജോലി വീഴ്ച കൂടാതെ ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് പരീക്ഷയുടെ തലേദിവസം അതാത് സെന്ററുകളിൽ റിപ്പോർട്ട് ചെയ്യുന്നതിനും മീറ്റിംഗ് കൂടി പരീക്ഷാ ദിവസം ഇൻവിജിലേഷൻ ജോലികളിൽ അനുവർത്തിച്ചിരിക്കേണ്ട നടപടിക്രമങ്ങൾ വിശദീകരിക്കുന്നതിനും വിശദീകരിച്ച നടപടിക്രമങ്ങൾ രേഖപ്പെടുത്തി ഇൻവിജിലേറ്റർമാരുടെ ഒപ്പ് വാങ്ങി സൂക്ഷിക്കുന്നതിനും ചീഫ് സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരകടലാസുകൾ പരിശോധിക്കുന്ന ക്യാമ്പുകളിലെ ക്യാമ്പാഫീസർമാർക്കും ഡെപ്യൂട്ടി ക്യാമ്പാഫീസർമാർക്കും ക്യാമ്പിന്റെ പ്രവർത്തനങ്ങളിൽ അനുവർത്തിച്ചിരിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുകയും അവ ക്യാമ്പുകളിൽ പ്രാവർത്തികമാക്കുന്നതിനുള്ള പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പരീക്ഷാ സംബന്ധമായ ക്രമക്കേടുകൾ കർശനമായി നിയന്ത്രിക്കുന്നതിന് മേൽ സൂചിപ്പിച്ച കാര്യങ്ങൾ കർശനമായി പാലിക്കുന്നു എന്നുറപ്പു വരുത്തുന്നതോടൊപ്പം എല്ലാ ജില്ലകളിലും ജില്ലാകളക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ച് കഴിഞ്ഞിട്ടുണ്ട്. ഈ കമ്മിറ്റിയിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ അംഗങ്ങളുമാണ്. ഈ അംഗങ്ങൾ കളക്ടറുടെ നേതൃത്വത്തിൽ പരീക്ഷയ്ക്ക് മുമ്പ് യോഗം ചേർന്ന് ജില്ലയിലെ സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ക്രമക്കേടുകൾ നിയന്ത്രിക്കുന്നതിനാവശ്യമായ തന്ത്രങ്ങൾക്ക് രൂപം നല്കുകയും ചെയ്യും. വിദ്യാഭ്യാസ ഓഫീസർമാർ പരീക്ഷാ കേന്ദ്രങ്ങൾ സന്ദർശിക്കുകയും ദിവസവും ജില്ലാ കമ്മിറ്റിക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള ദിവസങ്ങളിലെ മിന്നൽ പരിശോധനക്ക് ആവശ്യമായ നടപടികൾ കമ്മിറ്റി എടുക്കുന്നതാണ്. ചില കേന്ദ്രങ്ങളിലെങ്കിലും ഉണ്ടായേക്കാവുന്ന ക്രമസമാധാനപ്രശ്നങ്ങളും കൈകാര്യം ചെയ്യേണ്ട ചുമതല ഈ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. കൂടാതെ വകുപ്പുദ്യോഗസ്ഥൻമാർ അതായത്, അഡീഷണൽ ഡയറക്ടർമാർ, ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ എംപ്ലോയ്മെന്റ്/ക്യു.ഐ.പി. എന്നിവർക്ക് പുറമേ പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി എന്നിവരും പരീക്ഷാ കേന്ദ്രങ്ങളിൽ മിന്നൽ പരിശോധന നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഓരോ സ്കൂളിലേയും പരീക്ഷ മൂല്യനിർണ്ണയം നടത്തുന്നത് അതാത് സ്കൂളുകളിലെ പ്രധാനദ്ധ്യാപകന്റെ മേൽനോട്ടത്തിലാണ്. 8, 9 ക്ലാസ്സുകളിലെ പരീക്ഷയുടെ നടത്തിപ്പിനെപ്പറ്റിയും വിശ്വാസ്യതയെപ്പറ്റിയും പരാതികളൊന്നും ലഭിച്ചിട്ടില്ല. മൂല്യനിർണ്ണയത്തിൽ സംസ്ഥാനത്തുള്ള എല്ലാ അദ്ധ്യാപകർക്കും പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാർ എയിഡഡ് സ്കൂളുകളിലെ അദ്ധ്യയനവും പരീക്ഷയും മെച്ചപ്പെടുത്തുന്നതിനാവശ്യമായ അദ്ധ്യാപക പരിശീലനം ഇപ്പോൾതന്നെ കൊടുക്കുന്നുണ്ട്. സ്കൂൾ ലാബുകൾ, ലൈബ്രറികൾ എന്നിവ പ്രയോജനകരമായി ഉപയോഗിക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. നിലവാരം കുറഞ്ഞ സ്കൂളുകൾ സന്ദർശിച്ച് സ്കൂൾ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സഹായവും ചെയ്തുകൊടുക്കാൻ ജില്ലാ വിദ്യാഭ്യാസ ആഫീസർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്കൂളുകളെ ദത്തെടുത്ത് നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പഠനരീതികൾ ഏർപ്പെടുത്തിക്കൊണ്ട് അത്തരം സ്കൂളുകളിൽ 10-ാം ക്ലാസ്സിൽ മാത്രമല്ല 8, 9 എന്നീ ക്ലാസ്സുകളിലും പൊതുവേ പഠനനിലവാരം ഉയർത്താനുള്ള പ്രവർത്തനങ്ങൾ അദ്ധ്യാപകർ നടത്തുന്നുണ്ട്.

(ഇ) സിലബസ് അനുസരിച്ചുള്ള പാഠഭാഗങ്ങൾ പഠിപ്പിച്ച് തീർക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ഹെഡ്മാസ്റ്റർമാരാണ്. പാഠഭാഗങ്ങൾ പഠിപ്പിച്ച് തീർക്കുന്നില്ല എന്ന യാതൊരു പരാതിയും ലഭിച്ചിട്ടില്ല. പരാതി ലഭിക്കുന്നപക്ഷം നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഹൈസ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി പരിപോഷിപ്പിക്കാൻ നടപടി

12 (*402) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി പരിപോഷിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ സ്കൂളുകളിലെ സയൻസ് ക്ലാസ്സുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ സയൻസ് ക്ലാസ്സുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ സ്കൂൾ തലത്തിൽ നടത്തുന്ന ശാസ്ത്രമേളകൾ വിപുലീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഡി) ശാസ്ത്രമേളകളിൽ പ്രാഗത്ഭ്യം തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് എന്തൊക്കെ പ്രോത്സാഹനമാണ് സർക്കാർ നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ ചില സന്നദ്ധസംഘടനകൾ സ്കൂൾതലത്തിൽ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുവാൻ പ്രവർത്തനങ്ങൾ നടത്തി വരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ;

LIBRARY ARCHIVES Kerala Legislative Assembly